*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

135th Issue - Volume 4, No. 16 ജാഗ്രത 27th May 2010

*******

*"You cannot please both God and the world at the same time, they are utterly opposed to each other in their thoughts, their desires and their actions."*

*St. John Vianney*

*******

**Commission Chairman**
Rt. Rev. Dr. Stanley Roman

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**Commission Secretary**
Fr. Johny Kochuparambil



ST. JOHN VIANNEY

## പ്രധാന വാർത്തകൾ

ശാക്തീകരിക്കപ്പെട്ട സ്ത്രീ രാജ്യത്തിന്റെ സമ്പത്ത്:
മാർ ജോസഫ് കല്ലറങ്ങാട്ട്

---

സഭയിൽ ഭിന്നിപ്പ് സൃഷ്ടിക്കാനുള്ള നീക്കം തിരിച്ചറിയണം:
മാർ ജോസഫ് പവ്വത്തിൽ

---

ക്രൈസ്തവസമൂഹത്തെ നിരന്തരം വേട്ടയാടുന്ന മാധ്യമ ശൈലി അവസാനിപ്പിക്കണം:
കാത്തലിക് ഫെഡറേഷൻ ഓഫ് ഇന്ത്യ

---

യുവജനങ്ങൾ വിശ്വാസതീഷ്ണതയുള്ളവരായിരിക്കണം:
മാർ ബോസ്കോ പുത്തൂർ

---

ക്രൈസ്തവർ കൂട്ടായ്മയുടെയും സ്നേഹത്തിന്റെയും സന്ദേശവാഹകരാകണം: മാർ ജോസഫ് പെരുന്തോട്ടം

---

ദൈവം നല്കുന്ന മക്കളെ ദൈവത്തിനായി വളർത്തുക:
മാർ പോൾ ആലപ്പാട്ട്

---

ദിവ്യകാരുണ്യം സഭാ ജീവിതത്തിന്റെ കേന്ദ്രബിന്ദു:
ആർച്ച്ബിഷപ് സൂസൈപാക്യം

## ശാക്തീകരിക്കപ്പെട്ട സ്ത്രീ രാജ്യത്തിന്റെ സമ്പത്ത്: മാർ ജോസഫ് കല്ലറങ്ങാട്ട്



ശാക്തീകരിക്കപ്പെട്ട സ്ത്രീ രാജ്യത്തിന്റെ സമ്പത്താണെന്ന് മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു. സ്ത്രീശാക്തീകരണം സമൂഹത്തിന്റെ കടമയാണ്. ഇക്കാര്യത്തിൽ വിദ്യാഭ്യാസവും നേതൃപരിശീലന രീതികളും പ്രയോജനപ്പെടുത്തണം മാർ കല്ലറങ്ങാട്ട് പറഞ്ഞു. സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന സ്ത്രീശാക്തീകരണ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മോൺ. ഫിലിപ്പ് ഞരളക്കാട്ട് അധ്യക്ഷത വഹിച്ചു. ഫാ. മാത്യു ചന്ദ്രൻകുന്നേൽ, ഫാ. ഡൊമിനിക് വെച്ചൂർ, ഡോ. ജോസഫ് വെട്ടിക്കൽ, റോണി ജോർജ്, അഡ്വ. പ്രിൻസോ കല്ലുകാവുങ്കൽ, പ്രഫ. ലീനാ ജോസ്, ഡോ. ആൻസി ജോസഫ് എന്നിവർ പ്രസംഗിച്ചു.

## സഭയിൽ ഭിന്നിപ്പ് സൃഷ്ടിക്കാനുള്ള നീക്കം തിരിച്ചറിയണം: മാർ ജോസഫ് പവ്വത്തിൽ



മതമേലധ്യക്ഷൻമാരെ വിവിധ തട്ടുകളിലായി അവതരിപ്പിച്ച് മുതലെടുക്കാനുള്ള ചിലരുടെ ഉള്ളിലിരിപ്പ് തിരിച്ചറിയണമെന്ന് ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ. അതിരമ്പുഴ സെന്റ് മേരീസ് ഫൊറോന പള്ളിയിൽ ഫൊറോന പാസ്റ്ററൽ കൗൺസിലിന്റെ ഉദ്ഘാടനം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സഭയ്ക്കുള്ളിൽ ഭിന്നിപ്പ് സൃഷ്ടിക്കാനുള്ള വിരുദ്ധ ശക്തികളുടെ ശ്രമം തിരിച്ചറിയണം. സഭ രാഷ്ട്രീയത്തിൽ ഇടപെടുന്നതായി ചില കേന്ദ്രങ്ങളിൽനിന്ന് ഉയരുന്ന പ്രചാരണം കേരളത്തിൽ നിലനിൽക്കുന്ന സാമുദായിക സൗഹാർദം തകർക്കുന്നതിനും സംഘർഷം സൃഷ്ടിക്കുന്നതിനും മാത്രമേ ഉപകരിക്കൂ. വിവിധ ജനവിഭാഗങ്ങൾക്കിടയിൽ വിദ്വേഷം ഉണ്ടാക്കുന്നതിനുള്ള ശ്രമങ്ങൾക്കെതിരേ ജാഗ്രത പുലർത്തണം. സഭ കക്ഷിരാഷ്ട്രീയത്തിൽ ഇടപെടാറില്ല. മറിച്ചുള്ള പ്രചാരണങ്ങളിൽ അടിസ്ഥാനമില്ല. എന്നാൽ, പൊതുജീവിതത്തിൽ ഇടപെടരുതെന്നു പറയാൻ ആർക്കും അവകാശമില്ല. മൗലിക അവകാശം, മതസ്വാതന്ത്ര്യം, ധാർമികത തുടങ്ങിയവയ്ക്കെതിരായ നീക്കങ്ങളുണ്ടായാൽ സഭയ്ക്ക് ഇടപെടേണ്ടിവരുമെന്നു മാർ ജോസഫ് പവ്വത്തിൽ വ്യക്തമാക്കി. ഫൊറോന വികാരി റവ. ഡോ. മാണി പുതിയിടം അധ്യക്ഷത വഹിച്ചു.

## ക്രൈസ്തവസമൂഹത്തെ നിരന്തരം വേട്ടയാടുന്ന മാധ്യമശൈലി അവസാനിപ്പിക്കണം: കാത്തലിക് ഫെഡറേഷൻ ഓഫ് ഇന്ത്യ

ക്രൈസ്തവ സമൂഹത്തെ ഇടുങ്ങിയ വർഗീയ ലക്ഷ്യങ്ങൾക്കു വേണ്ടി ഒരു വിഭാഗം മാധ്യമങ്ങൾ നിരന്തരം വേട്ടയാടുന്നതവസാനിപ്പിക്കാൻ പ്രസ് കൗൺസിലും പത്രപ്രവർത്തക യൂണിയനും എഡിറ്റേഴ്സ് ഗിൽഡും അടിയന്തരമായി ഇടപെടണമെന്ന് കാത്തലിക് ഫെഡറേഷൻ ഓഫ് ഇന്ത്യ ഭാരവാഹികൾ പത്രസമ്മേളനത്തിൽ ആവശ്യപ്പെട്ടു. കത്തോലിക്കാ സഭയ്ക്കു നേരെ ഇതര മതവിഭാഗത്തിൽപ്പെട്ടവർക്ക് വിദ്വേഷവും വിരോധവും സൃഷ്ടിക്കുകയെന്ന ഗൂഢലക്ഷ്യത്തോടെ സത്യവിരുദ്ധമായ ആരോപണങ്ങളും ആക്ഷേപങ്ങളുമാണ് ഒരു വിഭാഗം മാധ്യമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. അഭയാ കേസ് മുതൽ കേരളാ കോൺഗ്രസ് ലയനം വരെയുള്ള വിഷയങ്ങളിൽ സഭയെയും പുരോഹിതരെയും മുൻവിധിയോടെ കുറ്റവാളികളായി ചിത്രീകരിക്കാനുള്ള സംഘടിതശ്രമമാണ് നടക്കുന്നത്. സഭാമേലധ്യക്ഷൻമാരോ പുരോഹിത ശ്രേഷ്ഠരോ ഏതെങ്കിലും കക്ഷികളെ ലയിപ്പിക്കാനോ പിളർത്താനോ ഇടപെടുന്നുവെന്നുള്ള പ്രചരണങ്ങൾ അസംബന്ധമാണെന്നും ഭാരവാഹികൾ പറഞ്ഞു. പത്രസമ്മേളനത്തിൽ ദേശീയ പ്രസിഡന്റ് അഡ്വ. പി.പി ജോസഫ്, അഡ്വ. ജോർജ് വർഗീസ് കോടിക്കൽ, അഡ്വ. സതീശ് മറ്റം, മുക്കം ബേബി, മാത്യു ജോസഫ്, ടോമി പാലമറ്റം തുടങ്ങിയവർ പങ്കെടുത്തു.

## യുവജനങ്ങൾ വിശ്വാസതീഷ്ണതയുള്ളവരായിരിക്കണം: മാർ ബോസ്കോ പുത്തൂർ



യുവജനങ്ങൾ വിശ്വാസതീഷ്ണതയുള്ളവരായിരിക്കണമെന്ന് സീറോ മലബാർ സഭ കൂരിയ ബിഷപ്പ് മാർ ബോസ്കോ പുത്തൂർ. കെസിവൈഎം എറണാകുളം - അങ്കമാലി അതിരൂപത ചേർത്തലയിൽ സംഘടിപ്പിച്ച മാർ ഏബ്രഹാം കാട്ടുമന അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സുവിശേഷത്തിന് അനുസൃതമായി വിശ്വാസത്തെ മുറുകെ പിടിച്ചുകൊണ്ട് സഭക്കും സമൂഹത്തിനും വേണ്ടി തന്റെ അജപാലന ജീവിതം നയിച്ച ദിവംഗതനായ ആർച്ച് ബിഷപ് മാർ ഏബ്രഹാം കാട്ടുമനയുടെ അനുസ്മരണം സംഘടിപ്പിക്കുന്നത് ഉചിതവും കാലഘട്ടത്തിന്റെ ആവശ്യവുമാണെന്ന് മാർ ബോസ്കോ പുത്തൂർ പറഞ്ഞു. ഹൃസ്വമായ തന്റെ അജപാലന ജീവിതത്തിൽ സഭയെ ദിശാബോധത്തോടും ദീർഘ വീക്ഷണത്തോടും കൂടെ നയിച്ച വ്യക്തിയായിരുന്നു മാർ ഏബ്രഹാം കാട്ടുമന എന്ന് അദ്ദേഹം അനുസ്മരിച്ചു. അതിരൂപത പ്രസിഡന്റ് ഷിജോ മാത്യു കരുമത്തി അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഡയറക്ടർ ഫാ.തോമസ് മങ്ങാട്ട്, ജനറൽ സെക്രട്ടറി അഗസ്റ്റിൻ കല്ലൂക്കാരൻ, ജെയ്മോൻ തോട്ടുപുറം, ബെന്നി ആന്റണി, സജി വി.എ, ഐസക്ക് വർഗീസ്, ഫാ.മാർട്ടിൻ മാമ്പിള്ളി എന്നിവർ പ്രസംഗിച്ചു. മാർ ഏബ്രഹാം കാട്ടുമന സംസ്ഥാന തല ഡിബേറ്റ് മത്സര വിജയികൾക്ക് മാർ ബോസ്കോ പുത്തൂർ സമ്മാനങ്ങൾ വിതരണം ചെയ്തു.

## ക്രൈസ്തവർ കൂട്ടായ്മയുടെയും സ്നേഹത്തിന്റെയും സന്ദേശവാഹകരാകണം: മാർ ജോസഫ് പെരുന്തോട്ടം



ക്രൈസ്തവർ കൂട്ടായ്മയുടെയും സ്നേഹത്തിന്റെയും സന്ദേശം പ്രഘോഷിക്കണമെന്ന് ആർച്ച് ബിഷപ് മാർ ജോസഫ് പെരുന്തോട്ടം. 123-ാമത് ചങ്ങനാശേരി അതിരൂപത ദിനാചരണത്തിന് തുടക്കം കുറിച്ചുകൊണ്ട് തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോന പള്ളിയിൽ സായാഹ്ന പ്രാർഥനയ്ക്ക് കാർമികത്വം വഹിച്ച് സന്ദേശം നൽകുകയായിരുന്നു ആർച്ച് ബിഷപ്. പൂർവ പിതാക്കന്മാർ ത്യാഗം സഹിച്ച് സംരക്ഷിച്ച വിശ്വാസ പൈതൃകം മക്കൾക്ക് പകരാൻ ദൃഢപ്രതിജ്ഞയെടുക്കേണ്ട അവസരമാണ് അതിരൂപത ദിനാചരണം. സഭയെക്കുറിച്ച് അറിവുനേടി സഭയെ വിശ്വാസ തനിമയിൽ നയിക്കുവാൻ വിശ്വാസസമൂഹം ദൃഢബദ്ധരാകണമെന്നും മാർ പെരുന്തോട്ടം ആഹ്വാനം ചെയ്തു. ഇടവകകളിലും കുടുംബങ്ങളിലും നവചൈതന്യം നിറയ്ക്കാൻ അതിരൂപത ദിനാചരണത്തിലൂടെ സാധിക്കണമെന്നും ആർച്ച് ബിഷപ് കൂട്ടിച്ചേർത്തു. അതിരൂപതാ വികാരി ജനറാൾ മോൺ. ജോസഫ് കുറിഞ്ഞിപ്പറമ്പിൽ, പ്രൊക്യുറേറ്റർ ഫാ.മാത്യു ഓടലാനി എന്നിവർ സഹകാർമികരായിരുന്നു.

## ദൈവം നല്കുന്ന മക്കളെ ദൈവത്തിനായി വളർത്തുക: മാർ പോൾ ആലപ്പാട്ട്



ദൈവം നല്കുന്ന മക്കളെ ദൈവത്തിനു വേണ്ടി വളർത്തണമെന്നും ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ ഉപ്പുമായി മക്കൾ മാറണമെന്നും രാമനാഥപുരം രൂപതാ ബിഷപ് മാർ പോൾ ആലപ്പാട്ട് ഉദ്ബോധിപ്പിച്ചു. പൊള്ളാച്ചി സെന്റ് പോൾസ് ചർച്ചിൽ ഇടവക സന്ദർശനത്തോടനുബന്ധിച്ച് കുട്ടികളുടെ ആദ്യ കുർബാന സ്വീകരണമധ്യേ പ്രസംഗിക്കുകയായിരുന്നു ബിഷപ്. ദൈവം ദമ്പതികൾക്കു നല്കുന്ന ഏറ്റവും വലിയ ദാനമാണ് മക്കൾ. കുട്ടികൾ ഈശോയെ സ്വീകരിക്കുന്ന അവസരം ആത്മീയ ഉണർവിന്റേതാകണം. കുടുംബ ബന്ധങ്ങളെ തകർക്കുന്ന ദുശീലം, ദുർവാസന, തെറ്റായ ജീവിതം എന്നിവ മാറ്റിയെടുക്കാൻ എല്ലാവരും ശ്രമിക്കണം. ഊരാക്കുടുക്കിൽപെട്ടശേഷമല്ല മക്കളെക്കുറിച്ച് അന്വേഷിക്കേണ്ടത്. മക്കളെ പാപത്തിൽ വീഴാതെ ചെറുപ്പം മുതൽ സംരക്ഷിക്കേണ്ട ഉത്തരവാദിത്തം മാതാപിതാക്കൾക്കുണ്ട് - ബിഷപ് പറഞ്ഞു. വികാരി ഫാ. ജോൺസൺ കണ്ണമ്പാടത്തിന്റെ നേതൃത്വത്തിൽ ബിഷപിന് ഇടവകജനം സ്വീകരണം നല്കി.

## ദിവ്യകാരുണ്യം സഭാ ജീവിതത്തിന്റെ കേന്ദ്രബിന്ദു: ആർച്ച്ബിഷപ് സൂസൈപാക്യം



ദിവ്യകാരുണ്യം സഭാ ജീവിതത്തിന്റെ മാത്രമല്ല, പ്രപഞ്ചത്തിന്റെതന്നെ കേന്ദ്രബിന്ദുവാണെന്ന് തിരുവനന്തപുരം ലത്തീൻ അതിരൂപത ആർച്ച്ബിഷപ് ഡോ. സുസൈപാക്യം. വിജയപുരം രൂപത ദിവ്യകാരുണ്യ കോൺഗ്രസ് കോട്ടയം വിമലഗിരി പാസ്റ്ററൽ സെന്ററിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ദൈവം മനുഷ്യനിൽ നിറഞ്ഞുനിൽക്കുന്ന ദിവ്യാനുഭൂതിയാണ് ഒരു പുരോഹിതനെ വ്യത്യസ്തനാക്കുന്നതെന്നും ദിവ്യകാരുണ്യത്തിലൂടെ മാത്രമേ ഈ ദിവ്യാനുഭൂതി പരിപോഷിപ്പിക്കാനാവുകയുള്ളുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വിജയപുരം ബിഷപ് ഡോ. സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ അധ്യക്ഷത വഹിച്ചു. കളക്ടർ മിനി ആന്റണി, മോൺ. ജോസ് നവാസ്, മോൺ. ഹെൻറി കൊച്ചുപറമ്പിൽ എന്നിവർ പ്രസംഗിച്ചു. രൂപതയിലെ എല്ലാ വൈദികരും ചേർന്ന് ദിവ്യബലി അർപ്പിച്ചു. ബിഷപ് പീറ്റർ തുരുത്തിക്കോണത്ത് മുഖ്യകാർമികത്വം വഹിച്ചു. ബിഷപ് ഡോ. സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ ദിവ്യകാരുണ്യ പ്രതിഷ്ഠ നിർവഹിച്ചു. ഫാ. ഡാനി കപ്പൂച്ചിൻ ക്ലാസ് നയിച്ചു. ഫാ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ ചർച്ചകൾക്ക് നേതൃത്വം നല്കി.

***കേരളാ കോൺഗ്രസ് മാണി - ജോസഫ് ഗ്രൂപ്പുകളുടെ ലയനത്തിനു പിന്നിൽ ക്രൈസ്തവ മതമേലദ്ധ്യക്ഷൻമാരാണെന്ന ആരോപണം സത്യവിരുദ്ധവും അടിസ്ഥാനരഹിതവുമാണെന്ന് കെ.സി.ബി.സി ജാഗ്രതാസമിതി പ്രസ്താവിച്ചു.***

**“Jagratha News”** – An internet news service is free and for private circulation

**Web:** jagrathakcbc.blogspot.com.

**Designed and Edited by** Fr. Johny Kochuparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA